<u>എറണാകുളം ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ നടപടിക്രമം</u>

**ഹാജർ : ഇ. വി. നാരായണൻ നമ്പൂരി**

വിഷയം : ബഹു: കേരള ഹൈക്കോടതിയുടെ WP(C) 27481/2014 നമ്പർ കേസിലെ 25.03.2015 ലെ ഇടക്കാല ഉത്തരവ്. .. കേരള സ്േററ്ററ്റ് ഇലക്ട്രിസിററി ബോർഡിലെ പെററി കോണ്ടട്രാക്ററർമാരുടേയും കോൺട്രാക്ററ ലൈൻ വർക്കേഴ്സിന്റേയും കരട് സീനിയോറിററി ലിസ്ററ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന : 1. പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെ 27/2002 നമ്പർ കേസിലെ 15.12.2004 ലെ അവാർഡ്.
2. അഡീഷണൽ ലേബർ കമ്മീഷണർ (ഐ. ആർ) തിരുവനന്തപുരത്തിന്റെ 30.11.2011 തിയതിയിലെ ഐ2. 9341/2010 നമ്പർ ഉത്തരവ്.
3. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C) 27481/2014 നമ്പർ കേസിലെ 25.03.2015 ലെ ഇടക്കാല ഉത്തരവ്.

**<u>ഉത്തരവ് നമ്പർ സി. 271/2015 തിയതി 12.06.2015</u>**

സൂചന 1 ലെ അവാർഡ് പ്രകാരം കേരള സ്േററ്ററ്റ് ഇലക്ട്രിസിററി ബോർഡിൽ കരാർ വ്യവസ്ഥയിൽ 15.12.2004 തിയതിയിൽ 1200 ദിവസമോ അതിൽ കൂടുതലോ കരാർ അടിസ്ഥാനത്തിൽ ജോലിചെയ്തിരുന്ന പെററി കോൺട്രാകററർമാരേയും കോൺട്രാക്ററ് ലൈൻ വർക്കേഴ്സിനേയും ഉൾപ്പെടുത്തി അവരെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി അർഹതപ്പെട്ടവരുടെ ഒരു സീനിയോറിററി ലിസ്ററ് പ്രസിദ്ധീകരിക്കുന്നതിന് ഉത്തരവായിരുന്നു. തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി ലേബർ കമ്മീഷണർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ കരട് ലിസ്ററ് തയ്യാറാക്കുവാനും ടി കരട് ലിസ്ററിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ അഡീഷണൽ ലേബർ കമ്മീഷണർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥൻ കേട്ട് ടി കരട് ലിസ്ററ് അന്തിമമായി പ്രസിദ്ധപ്പെടുത്തുന്നതിനും നിർദേശിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ സൂചന 2 ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം അഡീഷണൽ ലേബർ കമ്മീഷണർ (ഐ. ആർ) 1001 പേരുടെ ഒരു അന്തിമ ലിസ്ററ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. സൂചന 3 ലെ ബഹു: ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൽ, ടി ലിസ്ററ് നിലനിർത്തിക്കൊണ്ട്, ബഹു: ഹൈക്കോടതി ഫുൾ ബെഞ്ചിന്റെ 14.09.2012 തിയതിയിലെ WA 1618/2011 നമ്പർ കേസിലെ നിർദേശങ്ങൾ കൂടി പരിഗണിച്ച് ഒരു അഡീഷണൽ ലിസ്ററ് തയ്യാറാക്കുന്നതിന് ഉത്തരവായിരുന്നു.

ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എറണാകുളം ഡെപ്യൂട്ടി ലേബർ കമ്മീഷണർ, കേരള സ്േററ്ററ്റ് ഇലക്ട്രിസിററി ബോർഡിന്റെ സഹായത്തോടു കൂടി ഒരു കരട് ലിസ്ററ് അഡീഷണലായി തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇത് സംബന്ധിച്ച് 10.04.2015 ലെ ബന്ധപ്പെട്ട കക്ഷികളുടെ യോഗ തീരുമാന പ്രകാരം എം ബുക്ക്, ടിയർ ഓഫ് സ്ലിപ്പ്, കോൺട്രാക്ററ് വർക്ക് റജിസ്ററർ, പ്രൊവിഷണൽ വർക്ക് ഓർഡർ, എംപ്ലോയ്മെന്റ് സ്ലിപ്പ്, കോൺട്രാക്ററ് ഓഫ് എഗ്രീമെന്റ് തുടങ്ങിയ രേഖകൾ പരിശോധിച്ച് ഡിവിഷൻ തിരിച്ച് ക്രോഡീകരിച്ച ലിസ്ററ് കേരള സ്േററ്ററ്റ് ഇലക്ട്രിസിററി

ബോർഡ് തയ്യാറാക്കി നൽകുകയുണ്ടായി. ടി ലിസ്റ്റ് വിശദമായി പരിശോധിച്ച് ആവശ്യമായ കുറവ് ചെയ്യലും കൂട്ടിചേർക്കലുകളും വരുത്തി 763 പേരുകൾ ഉൾക്കൊള്ളുന്ന കരട് ലിസ്റ്റ് തയ്യാറാക്കുകയും ആയത് അനുബന്ധത്തിൽ ചേർത്ത് ഇതിനാൽ പ്രസിദ്ധീകരിക്കുകയും ചെയ്ത് കൊള്ളുന്നു.

ടി കരട് ലിസ്റ്റ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വെബ് സൈറ്റ് (www.kseb.in), ലേബർ കമ്മീഷണറുടെ വെബ് സൈറ്റ് (www.lc.kerala.gov.in), എറണാകുളം, കോഴിക്കോട്, കൊല്ലം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി കരട് ലിസ്റ്റിനെ സംബന്ധിച്ച് ആക്ഷേപങ്ങളും പരാതികളും ഉള്ളവർ ആയത് 30.06.2015 തിയതിയ്ക്കകം അഡീഷണൽ ലേബർ കമ്മീഷണർ (ഐ. ആർ), തൊഴിൽ ഭവൻ, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ ലഭിയ്ക്കത്തക്കവിധം നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

ഇതോടൊപ്പമുള്ള മാതൃക ഫാറത്തിൽ ആണ് ആക്ഷേപങ്ങളും പരാതികളും ബോധിപ്പിയ്ക്കേണ്ടത് എന്നും നിർദേശിക്കുന്നു. തെളിവുകൾ ഹാജരാക്കാനുള്ളവർ ഹിയറിംഗ് തിയതിയിൽ ആയത് നേരിട്ട് ഹാജരാക്കിയാൽ മതിയാകുന്നതാണ്. ഓരോ ജില്ല തിരിച്ചുള്ള ഹിയറിംഗ് തിയതികൾ പിന്നീട് പത്രദ്വാര അറിയിക്കുന്നതാണ്.

ഡെപ്യൂട്ടി ലേബർ കമ്മീഷണർ

1. അഡീഷണൽ ലേബർ കമ്മീഷണർ (ഐ. ആർ),
   തിരുവനന്തപുരം.

2. സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ),
   കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്,
   വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം 695004.

# <u>അപ്പീൽ അപേക്ഷാ ഫാറം</u>

1. ജോലി ചെയ്തിരുന്ന ജില്ല, ഡിവിഷൻ, സെക്ഷൻ എന്നിവ. :

2. തൊഴിലാളിയുടെ പേ രും വിലാസവും. :

3. ജോലി ചെയ്തിരുന്ന കോൺട്രാക്റ്ററുടെ പേരും വിലാസവും. :

4. വയസും ജനന തിയതിയും. :

5. 15.12.2004 ന് മുമ്പായി ആകെ ജോലി ചെയ്ത ദിവസങ്ങളുടെ എണ്ണം. :

6. ആയതിലേയ്ക്ക് തെളിവിനായി ഹാജരാക്കുന്ന രേഖകളുടെ വിവരങ്ങൾ. (എം ബുക്ക്, ടിയർ ഓഫ് സ്ലിപ്പ്, കോൺട്രാക്റ്റ് വർക്ക് റജിസ്റ്റർ, പ്രൊവിഷണൽ വർക്ക് ഓർഡർ, എംപ്ളോയ്മെന്റ് സ്ലിപ്പ്, കോൺട്രാക്റ്റ് ഓഫ് എഗ്രീമെന്റ്) :

### സത്യ പ്രസ്താവന

**മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.**

അപേക്ഷകന്റെ ഒപ്പും തിയതിയും